**INTERNATIONAL INDIAN SCHOOL DAMMAM - MARCH 2015**
**SUMMATIVE-II MALAYALAM CLASS-VII TIME-3HRS MARK-90**

I.താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

മാനസികാഹ്ലാദം നൽകുന്ന ഏതെങ്കിലും വിനോദത്തിൽ ഏർപ്പെടുകയെന്നത് മനുഷ്യന് ജന്മനാതന്നെയുള്ള സ്വഭാവമാണ്.വ്യക്തിപരമായ വാസനക്കനുസരിച്ച് ഓരോരുത്തരും സ്വന്തം വിനോദത്തെ തെരഞ്ഞെടുക്കുന്നു. വിനോദങ്ങളിൽ മുഖ്യമായൊരു സ്ഥാനം സ്റ്റാമ്പ് ശേഖരണത്തിനുണ്ട്.പ്രശസ്തരായ പലവ്യക്തികളും സ്റ്റാമ്പ് ശേഖരണം വിനോദമാക്കി മാറ്റിയിരുന്നു. മഹാത്മഗാന്ധി,ജവഹർലാൽനെഹ്റു,റൂസ്‌വെൽററ്,ഫ്രാങ്ക്ലിൻ തുടങ്ങിയവർ അക്കൂട്ടത്തിൽപ്പെടുന്നു . ഇംഗ്ലണ്ടിലെ എലിസബത്ത് രാജ്ഞി ലോകത്തിലെ ഏറ്റവും വലിയ സ്റ്റാമ്പ്ശേഖരത്തിനുടമയായിരുന്നു. വിവിധതരം സ്റ്റാമ്പുകൾ ശേഖരിച്ച് അവ അവയുടെ പ്രത്യേകതകകൾ കണക്കിലെടുത്ത് വളരെ അടുക്കും ചിട്ടയോടും കൂടി ആൽബത്തിൽ പതിക്കുമ്പോഴാണ് സ്റ്റാമ്പുശേഖരണം ഒരു കലയായി മാറുന്നത്. സ്റ്റാമ്പുശേഖരണം വിനോദമാക്കി മാറ്റുന്നവർക്ക് കലാബോധം, ഏകാഗ്രത, ക്ഷമ തുടങ്ങിയ ഗുണങ്ങളുണ്ടാകുന്നു.

1. ലോകത്തിലെ ഏറ്റവും വലിയ സ്റ്റാമ്പുശേഖരത്തിനുടമയാര് ? (1)
2. മനുഷ്യനു ജന്മനാതന്നെയുള്ള സ്വഭാവമെന്താണ് ? (2)
3.സ്റ്റാമ്പുശേഖരണം വിനോദമാക്കി മാറ്റിയ പ്രശസ്തരായ വ്യക്തികൾ ആരെല്ലാം ? (2)
4.സ്റ്റാമ്പുശേഖരണം വിനോദമാക്കി മാറ്റിയവർക്ക് എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകുന്നു ? (2)
5.സ്റ്റാമ്പുശേഖരണം ഒരു കലയായി മാറുന്നത് എപ്പോഴാണ് ? (3)

II. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക (5)

1. വിദ്യാധനം സർവധനാൽ പ്രധാനം

III. പദ്യം പൂരിപ്പിക്കുക (8വരി)

ജ്ഞാനികളുണ്ടെന്നു____________________ (8)

____________________ വാച്ചിടട്ടെ

IV.ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം എടുത്തു പൂരിപ്പിക്കുക (6)

( ഖ, സി, വി, ജാ, തീ, ദീ, ഷം, ഗ, ശം )

1. ആഭി __ത്യം 2. ___ഉംബരം 3.മു____ഭാവം 4. ലോകപ്ര__ദ്ധം .

5 .ഉന്മേ _______6. പ്ര ____ കം

V. അർത്ഥം എഴുതുക (ANY 6) (6)

1.നീലാംബരം 2.വിപുലം 3.സന്നിധി 4.സുകൃതം 5.അതുല്യം

6.പരവശനായി 7.സുലഭം

VI . വിപരീതം എഴുതുക (ANY 6) (6)

1. വിശാലം 2. നിരപരാധി 3. കൃതജ്ഞത 4. പണ്ഡിതൻ

5.ആദി 6.സ്വദേശി 7 . കരുണം

VII. പര്യായം എഴുതുക (ANY 6) (6)

1. കഴൽ 2 .ഗ്ലാനം 3. ബ്രാഹ്മണൻ 4. വാനം 5. തീ

6. നിർമലം 7. സ്നേഹം

VIII. വിഗ്രഹിക്കുക (ANY 5) (5)

1. വിദ്യാലയാന്തരീക്ഷം 2. ആചാരമര്യാദകൾ 3. വിനോദയാത്ര

4. ഉത്തമശിഷ്യൻ 5. സാഹിത്യശാഖ 6.കാനനഭംഗി

IX ചേർത്തെഴുതുക (5)

1. ദേശാഭിമാനി +ആയ 2.ഭിക്ഷ +ചോറ് 3. ഗുരു+ ആണെന്ന്4. അതി+ അധ്വാനം
5. അനുഗ്രഹം + ആയിരുന്നു

X. പിരിച്ചെഴുതിസന്ധിനിർണ്ണയിക്കുക (5)

1. ലോകപ്രസിദ്ധമാണ് 2. ശാന്തിയും 3. നിന്നകന്ന്

4. വിങ്ങിപ്പൊട്ടി 5. കൈവശമില്ല

XI. വാക്യത്തിൽ പ്രയോഗിക്കുക (ANY 2) (2)

1. അതുല്യസ്ഥാനം 2. അനുഷ്ഠിക്കുക 3. ക്രുദ്ധനായി

XII. നാനാർത്ഥം എഴുതുക (1)

1. മറ

XIII. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6)

1. ടാഗോറിന്റെ ഏതു കൃതിക്കാണ് നോബൽ സമ്മാനം ലഭിച്ചത് ?

( ഗീതാഞ്ജലി, കാബൂളിവാല )

2. ബ്രിട്ടീഷ് സർവ്വകലാശാല ടാഗോറിന് ഏത് പദവിയാണ് നൽകിയത് ?

( നൈറ്റ്, സെറ്റ് )

3. ബെന്നി ഏത് സുഹൃത്തിനു മരുന്നു വാങ്ങാനാണ് രൂപ കൊടുത്തത് ?

( തമ്പി, സുരേന്ദ്രൻ )

4. മഹാത്മാഗാന്ധിക്ക് ടാഗോറിനെ എന്തു വിളിക്കാനായിരുന്നു ഇഷ്ടം ?

( ഗുരുദേവ്, ഗുരുമഹാദേവ് )

5. ശാന്തിനികേതനം എന്ന വിദ്യാലയം പിന്നീട് എന്തായി മാറി

( വിശ്വഭാരതി സർവ്വകലാശാല, ദേശഭാരതി സർവ്വകലാശാല )

6. ഏത് അദ്ധ്യാപകനാണ് ശാന്തിനികേതനത്തിൽ നിന്നും വിടപറയുമ്പോൾ ആയിരം രൂപ സംഭാവനയായി അവിടെ കൊടുത്തത്?

(മോഹിത് ചന്ദ്രസെൻ, ലോഹിത് ചന്ദ്രസെൻ )

XIV.രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (ANY 5) (10)

1. എന്തായിരുന്നു സുകുമാരന്റെ ഉദ്ദേശ്യം ? അതിനു കാരണമെന്ത്?

2. ഗുരുകുല വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ എന്തെല്ലാം ഉൾപ്പെട്ടിരുന്നു ?

3. ധർമവ്യാധന്റെ ഐശ്വര്യത്തിനു നിദാനം എന്ത് ?

4. വിനോദയാത്രയ്ക്കു ബെന്നി പോകുന്നില്ല അതിനു തമ്പി കണ്ടെത്തിയ . കാരണമെന്തയിരുന്നു ?

5. ദൈവത്തിന്റെ കനിവാൽ എന്തൊക്കെ ഉണ്ടാകണമെന്നാണ് കവി ആഗ്രഹിക്കുന്നത്?

6. ശാന്തിനികേതനത്തിലെ അധ്യാപകരുടെ വൈശിഷ്ട്യം എന്തായിരുന്നു?

XV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക ( ANY 3) (9)

1. ശാന്തിനികേതനം സ്ഥാപിക്കുന്നതിനു മഹാകവിയിൽ പ്രേരണചെലുത്തിയ സംഭവങ്ങൾ വിശദമാക്കുക ?

2. ഗുരുവിന്റെ മറുപടി ചുരുക്കി എഴുതുക ?

3. രാമൻകുട്ടിനായർ വെളിപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയാണ് ?

4. വെള്ളിൽപ്പക്ഷി ചാമ്പലായതെങ്ങനെ ?

THE END